(ബി) എത്രപേരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണനിയമം 65-ാം വകുപ്പു പ്രകാരം അന്വേഷണം നടത്തുകയും സംഘം മുതലുകൾ ഈടാക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മുൻ സെക്രട്ടറി, അക്കൗണ്ടന്റ്, ഒരു ക്ലാർക്ക് തുടങ്ങി മൂന്നുപേരുടെ പേരിൽ നടപടി സ്വീകരിച്ചു. ടി ജീവനക്കാരെ സർവീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

ഇളംകുളം സഹകണ ബാങ്കിൽ നടന്നതായി പറയപ്പെടുന്ന അഴിമതിയെക്കുറിച്ചുള്ള അന്വേഷണം

173 (957)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഇളങ്കുളം സഹകരണ ബാങ്കിൽ നടന്നതായി പറയപ്പെടുന്ന അഴിമതികളും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഴിമതികൾ ബോദ്ധ്യപ്പെട്ടശേഷം സഹകരണവകുപ്പു നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ അന്വേഷണ റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) അന്വേഷണ റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടവർക്ക് എതിരെ നടപടികൾ യാതൊന്നും സ്വീകരിച്ചില്ല എന്ന പരാതി ശരിയാണോ;

(ഇ) ശരിയല്ലെങ്കിൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടവർക്ക് എതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭരണസമിതി പിരിച്ചുവിട്ട് കുറ്റക്കാരായി കണ്ടസംഘം സെക്രട്ടറിയെയും രണ്ട് ബ്രാഞ്ച് മാനേജർമാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി മൂന്ന് പേർക്കും അഡ്മിനിസ്ട്രേറ്റർ കുറ്റപത്രം നൽകി ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ അവർക്കെതിരെ വി. സി. 6/98-ാം നമ്പരായി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) 65-ാം വകുപ്പു അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഉൾപ്പെടെയുള്ള കാര്യത്തെ സംബന്ധിച്ച പോലീസ് വിജിലൻസ് അന്വേഷണം നടക്കുന്നതുകൊണ്ട് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നത് ഉചിതമല്ല.

(ഡി) ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കുറ്റക്കാരായി കണ്ട സംഘം സെക്രട്ടറിയെയും രണ്ട് ബ്രാഞ്ച് മാനേജർമാരെയും സസ്പെന്റ് ചെയ്ത് ടി മൂന്ന് പേർക്കും അഡ്മിനിസ്ട്രേറ്റർ കുറ്റപത്രം നൽകി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ അവർക്കെതിരെ വി.സി. 6/98-ാം നമ്പരായി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

സഹകരണകോളേജിന് അനുവദിച്ച ഗ്രാന്റ്

174 (958) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സഹകരണ കോളേജിന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 10 ലക്ഷം രൂപയുടെ ഗ്രാന്റ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) തുക നൽകിയിട്ടില്ലെങ്കിൽ ഉടൻ നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) കൊയിലാണ്ടി സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് 1997-98 സാമ്പത്തിക വർഷത്തിൽ ഓഹരി ഇനത്തിൽ 4 ലക്ഷം രൂപയും വായ്പ ഇനത്തിൽ 3 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. 97-98, 98-99 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ സംഘത്തിന് തുക നൽകാൻ കഴിഞ്ഞിട്ടില്ല.

(സി) ധനലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ കമ്മീഷൻ

175 (959) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് കൊടുക്കുന്ന കമ്മീഷൻ വർദ്ധിപ്പിച്ചു നൽകണം എന്ന് ആവശ്യപ്പെടുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ എത്ര ശതമാനമാണ് കമ്മീഷനായി നൽകുന്നത്;

(സി) എത്ര കളക്ഷൻ ഏജന്റുമാരാണ് സഹകരണ ബങ്കുകളിൽ ഉള്ളത്;

(ഡി) ഇതുവഴി സഹകരണ സംഘങ്ങൾക്ക് എന്തുമാത്രം തുകയാണ് ഒരു സാമ്പത്തികവർഷം ലഭിക്കുന്നത്;

(ഇ) ഇവരുടെ കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടുവരുന്നത് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly